**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2253** **12-02-2024 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി താലൂക്ക് ആശുപത്രി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി വികസനത്തിന് ഇത് വരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (എ) | കൊണ്ടോട്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയ്ക്ക് പുതിയ കെട്ടിട നിർമാണത്തിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും തുടർന്ന് കിഫ്ബിയിൽ നിന്ന് 32.35 കോടി രൂപയുടെ ധനാനുമതി ലഭിക്കുകയും ഉണ്ടായി. 30.01.2024 ൽ 29.56 കോടി രൂപയുടെ (GSTഒഴികെ) സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നിർദ്ദിഷ്ട സ്ഥലത്ത് സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ പൊളിച്ചു മാറ്റുകയും ഏവിയേഷൻ ക്ലിയറൻസ് ഉൾപ്പെടെ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ മെയിൻ ബിൽഡിംഗ് നിർമ്മാണ പ്രവർത്തികളുടെ പൂർത്തീകരണത്തിനായി PWD ഫണ്ടിൽ നിന്നും 113 ലക്ഷം രൂപയുടെ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ചു വരുന്നു. ടെണ്ടർ നടപടികൾ അധികം വൈകാതെ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ ഇപ്പോൾ ഏതെല്ലാം തസ്തികകൾ നിലവിലുണ്ട്; ഇതിനെ താലൂക്ക് ആശുപത്രി നിലവാരത്തിലേക്ക് ഉയർത്തുമ്പോൾ ഏതെല്ലാം തസ്തികകൾ ആവശ്യമായി വരുമെന്ന് വ്യക്തമാക്കാമോ; | (ബി) | ആശുപത്രിയിൽ നിലവിലുള്ള തസ്തികകൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. ആരോഗ്യ വകുപ്പിൽ ഗ്യാപ് അനാലിസിസ് നടത്തി അനിവാര്യമായ തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചു വരുന്നുണ്ട്. |
| (സി) | ഈ തസ്തികകൾ എന്നത്തേക്ക് സൃഷ്ടിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ? | (സി) | ഉത്തരം (ബി) പിരിവിൽ രേഖപ്പെടുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **നിലവിലുള്ള തസ്തികകൾ** | |
|---|---|
| **തസ്തിക** | **എണ്ണം** |
| സിവിൽ സർജൻ | 3 |
| ജൂനിയർ കൺസൾട്ടന്റ് | 1 |
| അസിസ്റ്റന്റ് സർജൻ | 3 |
| കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 4 |
| സീനിയർ നഴ്സിംഗ് ഓഫീസർ | 1 |
| നഴ്സിംഗ് ഓഫീസർ ഗ്രേഡ് I | 4 |
| നഴ്സിംഗ് ഓഫീസർ ഗ്രേഡ് II | 6 |
| നഴ്സിംഗ് അസിസ്റ്റന്റ് | 4 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I | 1 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II | 3 |
| ഫാർമസിസ്റ്റ് ഗ്രേഡ് II | 3 |
| ക്ലാർക്ക് | 2 |
| ഓഫീസ് അറ്റൻഡന്റ് | 1 |
| ഹെൽത്ത് സൂപ്പർവൈസർ | 1 |
| ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 2 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 1 |
| പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ | 1 |
| പബ്ലിക് ഹെൽത്ത് നഴ്സ് | 1 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I | 5 |
| ട്രീറ്റ്മെന്റ് ഓർഗനൈസർ | 1 |
| ലാബ് ടെക്നീഷ്യൻ | 3 |
| ഡ്രൈവർ | 1 |
| പാർട്ട ടൈം സ്വീപ്പർ | 1 |
| ഒപ്ടോമെടിസ്റ്റ് | 1 |
| **ആകെ** | **55** |

Shaila.m

സെക്ഷൻ ഓഫീസർ